**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**12 JULY 2019**

**09 DHUL-QADDAH 1440 AH**

# DAWAT-I-ALLAH – INVITATION TO ALLAH (PART 1)
# അല്ലാഹുവിലേക്കുള്ള ക്ഷണം (ഭാഗം-1)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാതിഹ ഓതിയ ശേഷം **അല്ലാഹുവിലേക്കുള്ള ക്ഷണം** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അൽഹംദുലില്ലാഹ്, സുമ്മ അൽഹംദുലില്ലാഹ് *അല്ലാഹുവിലേക്കുള്ള ക്ഷണം* എന്ന പേരിൽ വളരെ മുൻപ് തന്നെ ഞാൻ ദൈർഘ്യമേറിയ ഒരു ഗ്രന്ഥം രചിക്കുകയുണ്ടായി. ഇത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമായതിനാൽ, ഞാനിത് വെള്ളിയാഴ്ച ഖുത്തുബകളുടെ രൂപത്തിൽ നിങ്ങൾക്കു മുൻപാകെ അവതരിപ്പിക്കുകയാണ്. എന്റെ അനുചരന്മാരും ഇതുസംബന്ധമായി എന്നോട് ചോദിക്കുകയുണ്ടായി. എങ്ങനെ ഫലപ്രദമായി മറ്റാളുകളിലേക്ക് *തബ്ലീഗ്* എത്തിക്കാം. ഇത് സംബന്ധമായി ആവശ്യമായ അറിവും കഴിവും ഞങ്ങൾക്കുണ്ടായാൽ, ഞങ്ങൾക്ക് ഏറ്റവും നല്ല *ദാഈ ഇലല്ലാഹ്* (ദൈവത്തിലേക്ക് ക്ഷണിക്കുന്നവർ) മാരായി മാറാൻ കഴിയുമല്ലോ. ആയതിനാൽ ഞാൻ ഈ വിഷയത്തെ പല ഭാഗങ്ങളായി തിരിച്ച്, **ജുംആ** ഖുത്തുബകളിലൂടെ, നിങ്ങളുടെ മുൻപാകെ അവതരിപ്പിക്കുകയാണ്, എത്തിക്കുകയാണ്; അതിലൂടെ ഇൻഡ്യയിലെ എന്റെ അനുജരന്മാർക്ക് ഡൽഹി, , തമിഴ്നാട്, കോയമ്പത്തൂർ, ട്രിച്ചി, മേലേപാളയം, കോട്ടാർ, തുടങ്ങിയവ ഇടങ്ങളിലും. യുഎഇയിലും, ആഫ്രിക്കയിലും, ദ്വീപുകളിലും മറ്റു രാജ്യങ്ങളിലുമുള്ള അനുചരന്മാർക്കും, ഈ **ജുംആ** ഖുത്തുബകളിലൂടെ പ്രയോജനം സിദ്ധിക്കുവാൻ കഴിയുന്നതാണെന്ന് കരുതുന്നു. *തബ്ലീഗ്* രംഗത്തു എന്റെ

ശിഷ്യന്മാർക്കുള്ള അറിവ് അല്ലാഹു(ത) വർദ്ധിപ്പിക്കട്ടെ, അതിലൂടെ അവർ ഏറ്റവും മികച്ച ദാഇഊഇലല്ലാഹ് മാരായി മാറട്ടെ! ഇൻശാ അല്ലാഹ് ആമീൻ!

## DAWAT-I-ALLAH:

## അല്ലാഹുവിലേക്കുള്ള ക്ഷണം : ഒരു പ്രധാനപ്പെട്ട കടമ

നാം ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ അനുചരന്മാരാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നമോരോരുത്തരും മറ്റുള്ളവരെ അല്ലാഹുവിലേക്ക് ക്ഷണിക്കുന്നത് നമ്മുടെ ബാധ്യതയായി ഏറ്റെടുക്കേണ്ടതാണ്. കാരണം ഒരാൾ അല്ലാഹുവിന്റെ വഴിയിൽ പ്രയത്നിക്കുമ്പോൾ മാത്രമാണ്, ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ അനുചര വൃന്ദത്തിൽ അകപ്പെടുന്നത്, നാം നമ്മുടെ തോട്ടം നട്ടുപിടപ്പിക്കുന്നതിന്, നാം വളരെയധികം ശ്രദ്ധയും പരിപാലനവും നടത്തേണ്ടതുണ്ട്. അതിൽ നിന്ന് ഫലം ഉണ്ടാകുന്നതുവരെയും പ്രസ്തുത ശ്രദ്ധയും പരിപാലനവും തുടരേണ്ടതു തന്നെയാണ്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ എല്ലാ അംഗങ്ങളും ദേശീയവും അന്തർദേശിയവുമായ രംഗങ്ങളിൽ, അല്ലാഹുവിലേക്കുള്ള ക്ഷണത്തിൽ പ്രസ്തുതകഠിനശ്രമത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ പേരുകൾ അല്ലാഹുവിന്റെ വാക്കുകളിൽ, ആധികാരികമായി ഉത്തരിച്ചിട്ടുള്ളതാണ്. നിങ്ങൾ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യുടെ അനുചരന്മാരായി തീരുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ ഈ രംഗത്ത് അതികഠിനമായി, അതിശക്തമായി, ദൈവവഴിയിൽ ജോലി ചെയ്യേണ്ടതാണ്. (ഒരു കർഷകൻ തന്റെ ഭൂമിയിൽ കൃഷി ചെയ്യുന്നതുപോലെ) അതിനായി നിങ്ങൾ, നിങ്ങളിൽ പുതിയ ആത്മീയ ഗുണങ്ങൾ സൃഷ്ടിക്കേണ്ടതായിട്ടുണ്ട് (വിജയികളായി തീരുന്നതിനായി)

## DAWAT-I-ALLAH:

## അല്ലാഹുവിലേക്ക് ക്ഷണിക്കുവാനുള്ള രണ്ടു സത്തായ സംഗതികൾ

ഒന്നാമത്തേതു, ദഅ്വത്തുല്ലാഹ് എന്നത് ഒരു വ്യക്തി തന്റെ സ്വന്തം ഇഷ്ടപ്രകാരം ചെയ്യുന്ന ഒരു സംഭാവന പോലെയല്ല.

നഫ്ൽ നമസ്ക്കാരം പോലെ അധിക പ്രതിഫലത്തിനായി ചെയ്യുന്ന ഒരു ആരാധനയുമല്ല. ഈ പറഞ്ഞ സംഭാവന നല്കിയില്ലെങ്കിലോ, നഫ്ൽ നമസ്ക്കരിച്ചില്ലെങ്കിലോ, അത് നിങ്ങളുടെ ആത്മീയതിൽ ഒരു വ്യത്യാസവും വരുത്തുന്നതല്ല. എന്നാൽ ദഅ്വത്തുല്ലാഹ് എന്നത് നിർബന്ധമായ കാര്യമാണ്. അല്ലാഹു (ത) ഒരു പ്രത്യേകമായ കല്പന തന്നെ പുറപ്പെടുവിച്ചിരിക്കുകയാണ്. അല്ലാഹു(ത) പരിശുദ്ധപ്രവാചകൻ മുഹമ്മദ് മുസ്തഫ (സ)നോട് പറയുകണ്ടായി. താങ്കൾ അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിച്ചില്ലെങ്കിൽ, അദ്ദേഹത്തിന്റെ പ്രവാചകത്വം തന്നെ നിഷ്ഫലമായി പോകുമായിരുന്നു. പരിശുദ്ധ പ്രവാചകൻമുഹമ്മദ് മുസ്തഫ(സ)യുടെ സമുദായവും അല്ലാഹുവിന്റെ മുൻപിൽ ഇതിന്റെ കണക്ക് ദഅ്വത്തുല്ലാഹ് യുടെ കണക്ക് ബോധിപ്പിക്കേണ്ടി വരുന്നതാണ്. ഇതു സംബന്ധമായി ഓരോ വ്യക്തിയും കണക്ക് സമർപ്പിക്കേണ്ടി വരുന്നതാണ്. ഈ കാര്യത്തിൽ ഒരു വ്യക്തിയേയും ഒഴുവാക്കുന്നതല്ല. ഈ മഹത്തായ സന്ദേശ പ്രബോധനം, ഓരോ വ്യക്തിക്കും നിർബന്ധമായ ഒരു ഗുണമായി നല്കിയിരിക്കുകയാണ്. ഒരാൾക്കും ഒരു സമയത്തും ഒഴിവാക്കാവതുമല്ല. ഒരു തരത്തിലുള്ള ഒഴിവു കഴിവും പറഞ്ഞ്, ഇത് പ്രവർത്തിപഥത്തിൽ കൊണ്ട് വരുന്നതിൽ നിന്ന് മാറി നില്ക്കുവാൻ കഴിയുന്നതുമല്ല!

രണ്ടാമത്തേത്, ഈ മഹത്തായ ജോലി ചെയ്യുന്നതിനെ സംബന്ധിച്ച് നാം അന്വേഷിച്ചു കൊണ്ടിരിക്കേണ്ടതാണ്. ഈ രംഗത്ത് നമുക്ക് എന്തു ചെയ്യുവാൻ സാധിക്കും? എത്രത്തോളം നമുക്ക് ചെയ്യുവാൻ സാധിക്കും? എന്നതിനെപറ്റി ചിന്തിച്ച്, മുന്നോട്ടു വന്ന്, പരിശ്രമം ആരംഭിക്കേണ്ടതാണ്. അല്ലാഹുവിന്റെ ഒരു പ്രവാചകൻ ഭൂമുഖത്ത് സമാഗതരാകുമ്പോൾ, അല്ലാഹുവിന്റെ ദൂതന്റെ എതിരായിട്ടുള്ളവർ, അവിടെ എല്ലായ്പ്പോഴും കുഴപ്പങ്ങൾ സൃഷ്ടിക്കുന്നതാണ്, ഈ ആളുകൾ ജനങ്ങളെ പ്രസ്തുത ദൂതനിൽ നിന്നും അകറ്റുന്നതിനുള്ള പരിശ്രമങ്ങൾ തുടങ്ങുന്നതാണ്. ദൈവ പ്രതിനിധിയുമായി ചേരാതിരിക്കുന്നതിനും സാമീപ്യം പുലർത്താതിരിക്കുന്നതിനുമായി ജനങ്ങളെ തടയുന്നതിനായി, അവർ നിയമങ്ങൾ സൃഷ്ടിക്കുന്നു. ദൂതനും ദൂതനിൽ വിശ്വസിച്ചവരിലും അവർ സ്ഥാപിച്ച നിയമങ്ങളിലൂടെ നിസ്സഹകരണം ഏർപ്പെടുത്തുന്നു. അവരുടെ എല്ലാ പരിപാ

ടികളിലും അവർ പ്രവാചകനും വിശ്വാസികൾക്കും നിസ്സഹകരണം നടപ്പിലാക്കുന്നു. സലാം പറയുന്നതുപോലും അവർ വിലക്കുന്നു. അവിടെയും നില്ക്കാതെ അവർ മുന്നോട്ടു പോകുന്നു. എന്നിട്ട് ഒടുവിൽ രക്തബന്ധവും മുറിക്കുന്നു.

അവിശ്വാസികളും, അല്ലാഹുവിന്റെ ദൂതന്റെ ശത്രുക്കളും, ദൈവീക സന്ദേശത്തെ സംശുദ്ധീകരിക്കുന്നതിനായി വന്ന ദൂതന്റെ മേലും വിശ്വാസികളുടെ മേലും ശത്രുത സൃഷ്ടിക്കുന്നു. ജനഹൃദയങ്ങളിൽ അവരോട് ശത്രുതയുടെ വിത്തു വിതയ്ക്കുകയും കുഴപ്പങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നത് പ്രസ്തുത അവിശ്വാസികൾ തന്നെയാണ്, അതിന്റെ ഉത്തരവാദിത്വവും അവർക്കാണ്. ഈ ചതിപ്രയോഗത്തെ പറ്റിയും കുഴപ്പത്തെപറ്റിയും നമ്മുടെ മിഷണറിമാർ നല്ലതുപോലെ കാര്യങ്ങൾ മനസ്സിലാക്കായിരിക്കേണ്ടതാണ്. അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുന്ന കാര്യത്തിൽ അവർ വ്യാവൃതരായിരിക്കുമ്പോൾ, അവർ വളരെയധികം മുൻകരുതലുകൾ എടുക്കേണ്ടതാണ്. കാരണം ഈ കുഴപ്പകാരികൾ അവരുടെ ദുഷ്ട പദ്ധതികളുമായി കാത്തിരിക്കുകയാണ്. എന്നിട്ട് സമയം വരുമ്പോൾ എല്ലാ ആക്ഷേപങ്ങളും നമ്മുടെ ഈ നിരപരാധികളായ ദാഇൗ ഇലല്ലാഹ് മാരിലേക്ക് അവർ ചാർത്തിക്കൊടുക്കുന്നു.

നിപരാധിത്വത്തിന്റെ മുഖ്യനായ ഹസ്രത് മുഹമ്മദ് മുസ്ത്ഫ(സ)യുടെ സേവകന്മാരാണ് നാം. ആയതിനാൽ നമ്മിലും ഇത്തരത്തിലുള്ള നിരപരാധിത്വത്തിന്റെ ശീതളഛായ ഉണ്ടായിരിക്കണം. നമ്മുടെ ഭാഗത്ത് യാതൊരു രീതിയിലുള്ള വിധ്വംസിത്വവും ഉണ്ടായിരിക്കുവാൻ പാടില്ല. യാതൊരു രീതിയിലുള്ള കുറ്റവും ഉണ്ടായിരിക്കരുത്. ഈ കുഴപ്പകാരികൾക്ക് നമ്മെപറ്റി വിധ്വംസിത്വം പുലമ്പുവാനുള്ള സുവർണ്ണാവസരം ലഭിച്ചിരിക്കുകയാണ്. നമ്മെ പ്രലോഭിപ്പിക്കുവാനുള്ള എല്ലാ നടപടികളും, അവർ സ്വീകരിക്കുന്നതാണ്. അതിനായി അവർ കള്ളം പറയുന്നതാണ്. അതിനായി അവർ നമ്മൾ അവരുടമായി പോരാടുവാൻ ആഗ്രഹിക്കുന്നതാണ് എന്നും പ്രചരിപ്പിക്കുന്നതാണ്. അതുമാത്രമല്ല നാം അവരെ ആക്രമിച്ചു എന്നും പറയുന്നതാണ്.

അല്ലാഹുവിലേക്ക് ക്ഷണിക്കുന്നതിനായി, തെരഞ്ഞെടുക്ക

പ്പെട്ടവരാണ് നാം. ഇത് നമ്മുടെ ബാധ്യതയുമാണ്. ഇതോടൊപ്പം, അല്ലാഹുവിന്റെ വാക്കുകളിൽ രണ്ടു കല്പനകൾ കൂടി അടങ്ങികിടക്കുന്നു. അത് നമുക്ക് വിശുദ്ധഖുർആനിൽ കാണാവുന്നതാണ്. അതായത് ഈ ഉത്തരവാദിത്വം നാം പൂർത്തിയാക്കേണ്ടതാണ്, പ്രസ്തുത ബാധ്യതയിലാണ് നാമുള്ളത്. ആയതിനാൽ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ എല്ലാ അംഗങ്ങളും അല്ലാഹുവിലേക്കുള്ള ക്ഷണം പൂർത്തിയാക്കേണ്ടത് അവരുടെ കടമ തന്നെയാണ്. പ്രസ്തുത പ്രബോധനം നമ്മുടെ പ്രിയ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യുടെ ചര്യയാകുന്നു. അത് നാം പിന്തുടരേണ്ടതാണ്. ആയതിനാൽ ഓരോ മുസ്ലിം രാജ്യവും അഥവാ വ്യക്തിയും ഈ രണ്ട് കല്പനകൾ നിറവേറ്റുകയാണെങ്കിൽ അല്ലാഹു(ത) അവന് ഉറപ്പു നല്കുന്ന കാര്യമുണ്ട്. ഈ വാക്കുകളുടെ ഉത്തരവാദിത്വം ഞാൻ ഏറ്റെടുക്കുന്നു. ഈ ലോകത്തിന് നിങ്ങളെ ഒന്നും ചെയ്യുവാൻ കഴിയില്ല എന്ന് നിങ്ങൾ ഉറച്ചു വിശ്വസിക്കുക. ഇതിന്റെ അർത്ഥം ലോകത്തിന് ചുറ്റും നിങ്ങൾക്ക് എപ്പോഴും എതിരാളികൾ ഉണ്ടായിരിക്കും എന്നു തന്നെയാണ്. എന്നാൽ നിങ്ങളെ ഉപദ്രവിക്കുവാനുള്ള കഴിവ് നാം അവർക്ക് നല്കുകയില്ല എന്ന ഉറപ്പാണ് അല്ലാഹു (ത) നല്കുന്നത്. അതായത് പ്രബോധനചര്യ പിന്തുടരുന്നവരെ ഉപദ്രവിക്കുവാനുള്ള അവസരം നല്കുകയില്ല എന്ന് സാരം.

## CONSEQUENCES WHEN IGNORING THE DAWAT-I-ALLAH.

## അല്ലാഹുവിലേക്കുള്ള ക്ഷണം അവഗണിക്കുന്നതിന്റെ പ്രത്യാഘാതങ്ങൾ

അതെ, നിങ്ങൾക്ക് അല്ലാഹു(ത) നേർവഴി കാട്ടി തന്നു. അല്ലാഹു(ത) നിങ്ങളുടെ ഹൃദയം തുറന്നു. അവന്റെ മതം നല്കി, ദൈവീക ദൃഷ്ടാന്തത്തിൽ വിശ്വസിക്കുവാനുള്ള ശക്തിയും നല്കി. അങ്ങനെ അല്ലാഹു(ത)തെരഞ്ഞെടുത്ത ദുതനിൽ വിശ്വസിക്കുവാനുള്ള ഭാഗ്യവും നല്കി. ഇതിൽ നിങ്ങൾക്ക് കുറ്റബോധം ഉള്ള ആളാണെങ്കിൽ, അല്ലാഹു(ത)യുടെ മതത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നതിനെ നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ, നിങ്ങൾ ഒരു കാര്യം മനസ്സിലാക്കുക. നിങ്ങൾക്കൊരിക്കലും ആത്മീയ പുരോഗതി നിങ്ങളുടെ ജീവിതത്തിൽ ഉണ്ടാകുന്ന

തല്ല. നിങ്ങൾ എത്രകാലം പ്രയാസകരമായ ജീവിതം നയിച്ചു എന്ന് നിങ്ങൾക്ക് ബോധ്യമാവുക തന്നെചെയ്യുന്നതാണ്. ജീവിതം നിറയെ പ്രയാസങ്ങൾ, പ്രശ്നങ്ങൾ, എവിടെ ആയിരുന്നാലും ദൈവീക അനുഗ്രഹമില്ല. കാരണം നിങ്ങൾ ഈ ഫറോവമാരെ നേരിടാൻ തയ്യാറാകാതെ ഭയന്നു പോയ ആളുകളാണ്.

എന്നിരുന്നാലും, ഓരോ ഫറോവയും അവൻ സ്വയം മതത്തിന്റെ, നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നവനാണ് എന്നാണ് അവന്റെ പക്ഷം. അവൻ നിങ്ങളുടെ മേൽ പിടിമുറുക്കുന്നു. എന്നിട്ട് നിങ്ങളെ അവൻ തരംതാണവൻ എന്നു കരുതുകയും ചെയ്യുന്നു. ഈ സാഹചര്യത്തിലാണ്, ഈ പറയപ്പെട്ട ഫറോവ, വിഡ്ഢിത്തം പുലമ്പുവാൻ തുടങ്ങുന്നത്. അവൻ അല്ലാഹുവിന്റെ ദൂതന് എതിരിൽ രംഗത്തുവരുകയായി. മോശം വാക്ക് പ്രയോഗങ്ങളിലൂടെ അവന്റെ തനിനിറം പ്രകടിപ്പിക്കുന്നു. അല്ലാഹുവിന്റെ ദൂതന് അവരുടെ അമീറിന്റെ ഔന്നത്യത്തിലേക്ക് എത്തിചേരുവാൻ കഴിയുകയില്ല എന്ന് പോലും പറയുവാൻ അവർ മടിക്കില്ല. (ശരിയാണ് അവരുടെ ചതിയുടെയും വിഡ്ഢികളായ നേതാക്കളുടെ പദ്ധതികളുടെയും, നിലവരാത്തിലുയരുവാൻ കഴിയില്ല)

ഇത്തരം ശുംഭന്മാരുടെ ഇത്തരം വാക്കുകൾ, അവരുടെ ഈ പുലമ്പലിനുശേഷം, ഇത്തരം ആളുകളുടെ യഥാർത്ഥ മുഖം അല്ലാഹു(ത) അവൻ സ്വയം പ്രദർശിപ്പിക്കുന്നു. (മുൻ അമീറിന്റെ) അവരുടെ വൃത്തികെട്ട പ്രവർത്തനങ്ങളെ മൂടിവെയ്ക്കുവാനായി അവർ (ഈ പറയപ്പെട്ട അമീറിനായി) പണം എടുക്കുന്നു. ജമാഅത്തു ട്രഷറിയിൽ നിന്ന് പുതിയ അമീർ പണം എടുത്ത്, പഴയ അമീർന് നല്കുവാനായി അനുവാദം, ചോദിക്കുന്നു, അങ്ങനെ ജമാഅത്തിന്റെ ഖജനാവിൽ നിന്ന്, ജമാഅത്ത് അംഗങ്ങളുടെ ധനം അവരുടെ പോക്കറ്റിൽ എത്തുന്നു. ആയതിനാൽ അല്ലാഹുവിലേക്ക് മനുഷ്യരെ ക്ഷണിക്കുന്നവർ, ഇത്തരം ആളുകളെ ഭയപ്പെടരുത്, അവർക്കെതിരായി പോരാടണം, അല്ലാഹുവിന്റെ മാർഗത്തിലൂടെ ആയിരിക്കണം പ്രസ്തുത പോരാട്ടം, ഇതിലൂടെ ലോകത്ത്, നിങ്ങൾക്ക് ഒരു വലിയ ആത്മീയ വിപ്ലവം സൃഷ്ടിക്കുവാൻ സാധിക്കും.

അതെ, ഇതാണ് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലൂടെ

ലോകത്ത് നടത്തുവാൻ ഉദ്ദേശിക്കുന്ന ആത്മീയ വിപ്ലവം, അതിലൂടെ ഈ പൊയ് വിഗ്രഹങ്ങൾ (ഈ പറയപ്പെട്ട ആത്മീയ നേതാക്കന്മാർ) പിൻവാങ്ങുന്നതാണ്, എന്നു മാത്രമല്ല അവർ അപ്രത്യക്ഷമാവുകയും ചെയ്യുന്നതാണ്.

ചുവന്നകാർപറ്റ് വിരിച്ച പാതയിലൂടെയാണ് സഞ്ചരിക്കുന്നത് എന്ന് കരുതരുത്! നിങ്ങൾ എവിടെ പോയാലും നിങ്ങൾക്കവിടെ ഒരു നല്ല സ്വീകരണം ലഭിക്കുമെന്നും ചിന്തിക്കരുത്! തീർച്ചയായും ഇല്ല ! നിങ്ങൾ അനേകം പരീക്ഷണങ്ങളിലൂടെ കടന്നുപോകേണ്ടതായി വരുന്നതാണ്. എന്നാൽ അല്ലാഹു(ത) നിങ്ങളോടൊപ്പം ഉണ്ടായിരിക്കുന്നതാണ് ഇൻശാ അല്ലാഹ്!

## LACK OF EDUCATION/ KNOWLEDGE OR ILLITERACY SHOULD NOT BECOME AN OBSTRUCTION FOR DAWAT-I-ALLAH.

## വിദ്യഭ്യാസമില്ലായ്മ, അറിവില്ലായ്മ, അഥവാ എഴുതുവാനും വായിക്കുവാനും അറിയില്ല- ഇവ ദഅ്വത്തുല്ലാഹ്യ്ക്ക് തടസ്സമാകരുത്

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ഓരോ അംഗവും അത് പുരുഷനാകട്ടെ, സ്ത്രീ ആകട്ടെ, കുട്ടി ആകട്ടെ അവൻ/അവൾ അവരുടെ രംഗത്ത് പ്രവർത്തിക്കേണ്ടതാണ്. വിദ്യഭ്യാസരംഗത്തുള്ള അറിവിന്റെ പോരായ്മ അവന് **ദഅ്വത്ത്** ചെയ്യുന്നതിന് ഒരു തടസ്സമാകരുത്. കാരണം അല്ലാഹുവിലേക്കുള്ള ക്ഷണം ഇന്ന് പലനിലയിലും നമുക്ക് നടത്താവുന്നതാണ്. ഉദാഹരണമായി പറഞ്ഞാൽ, വെബ്സൈറ്റിലൂടെ, ആഡിയോ സിഡിയിലൂടെ, വീഡിയോ സിഡിയിലൂടെ, സ്മാർട്ട് ഫോണിലൂടെ, സാഹിത്യത്തിലൂടെ, വിവിധഭാഷകളിലുള്ള വെള്ളിയാഴ്ച ഖുത്തുബകളിലൂടെ, ജമാഅത്ത് ബ്ലോഗിലൂടെ തുടങ്ങി മറ്റു പല മാർഗങ്ങളിലൂടെയും നമുക്ക് **ദഅ്വത്ത്** എത്തിക്കാവുന്നതാണ്. അടിസ്ഥാനപരമായ വാക്കുകളിലൂടെയുള്ള വാദങ്ങളിലൂടെ സന്ദേശം എത്തിക്കാൻ കഴിയാത്തവർക്ക് പോലും മുകളിൽ പറഞ്ഞ മാർഗങ്ങളിലൂടെയും നമുക്ക് സന്ദേശം എത്തിക്കുവാൻ സാധിക്കുന്നതാണ് എന്ന് സാരം! അല്ലാഹുവിലേക്കുള്ള ക്ഷണത്തിനായി ഈ മാർഗങ്ങളെല്ലാം സ്വീകരിക്കാവുന്നതാണ്. ഈ രംഗങ്ങളിലെല്ലാം *തബ്ലീഗ്* പ്രവർത്തനങ്ങളും അവർക്ക് വളരെ

മുൻകടന്നുപോകുവാൻ സാധിക്കുന്നതാണ്. ഞാൻ നിങ്ങളോട് പറഞ്ഞതുപോലെ ഈ ഒരു രംഗത്തും നിങ്ങൾ പരിധിലംഘിച്ചു പോകരുത്. ടെലിവിഷൻ പോലെ, അഥവാ ഇന്റർനെറ്റ് പോലെ, അഥവാ സ്മാർട്ട്ഫോണിലൂടെ പോലും ഈ ഉപകരണങ്ങൾ അല്ലാഹുവിലേക്കുള്ള ക്ഷണത്തിനായി എങ്ങനെ ഉപയോഗിക്കണം എന്ന് നിങ്ങൾ തിരിച്ചറിഞ്ഞിരിക്കണം. തെറ്റായ കാര്യങ്ങൾക്കായി ഈ ഉപകരണങ്ങൾ ഉപയോഗിക്കരുത്. അത്തരം തെറ്റുകൾ ഇസ്ലാമിന്റെ പ്രതിഛായയെ തകർത്തുകളയും, ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ ജമാഅത്തിന്റെ പ്രതിഛായയ്ക്ക് മങ്ങലേല്ക്കുന്ന യാതൊരു പ്രവർത്തിയും ചെയ്യരുത്, ഈ രംഗത്ത് നിങ്ങൾ ചെയ്യുന്ന എല്ലാ കാര്യങ്ങളും നല്ല ഉദ്ദേശത്തോടെ ആയിരിക്കണം. നിങ്ങളുടെ ഉദ്ദേശങ്ങളുമായി ചേർന്നു പോകുന്നതാകണം നിങ്ങളുടെ പ്രവർത്തികൾ, ഇതെല്ലാം ചെയ്യുന്നതിലൂടെ അല്ലാഹു(ത)യുടെ കല്പനകൾ അനുസരിക്കുന്നതിനും, അവന്റെ ദൂതൻ ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ അധ്യാപനങ്ങൾ നടപ്പിലാക്കുന്നതിനും, ഈ നൂറ്റാണ്ടിലെ ഖലീഫത്തുല്ലാഹ്‌യുടെ നിർദ്ദേശങ്ങൾ പൂർത്തീകരിക്കുവാനുമായിരിക്കണം ശ്രമിക്കേണ്ടത്

## SOME SAY THAT DAWAT-I-ALLAH IS IMPOSSIBILE IN ISLAMIC COUNTRIES

## ഇസ്ലാമിക രാജ്യങ്ങളിൽ അല്ലാഹുവിലേക്കുള്ള ക്ഷണം അസാധ്യമാണെന്ന് ചിലർ പറയുന്നു.

അല്ലാഹുവിലേക്കുള്ള ക്ഷണം, ഇസ്ലാമിക രാജ്യങ്ങളിൽ, ഒരാൾ മനഃപൂർവ്വം നിർത്തിവെയ്ക്കുകയാണെങ്കിൽ, അഥവാ അവൻ വിചാരിക്കുന്നു, അല്ലാഹുവിലേക്കുള്ള ക്ഷണം ഇവിടെ നിർത്തിവെയ്ക്കേണ്ടതുണ്ട്, കാരണം ഇവിടെ വളരെ വലിയ അധികാരികളാണ്, അതുകൊണ്ട് നിർത്തിവെയ്ക്കേണ്ടതാണ്. ഇതൊരു തെറ്റായ ചിന്തയാണ്. ആരാണോ അല്ലാഹുവിലേക്കുള്ള ക്ഷണത്തിൽ പങ്കുചേരാത്തത്, അവൻ കീഴ്പ്പെടുത്തപ്പെടുന്നതാണ്. കാരണം ശത്രുക്കൾ നമ്മെപറ്റി ചിന്തിച്ചു കഴിഞ്ഞിരിക്കുന്നു, നാം തെറ്റായ വഴിയിലാണെന്ന്, അപ്പോൾ നാം അല്ലാഹുവിലേക്കുള്ള ക്ഷണം നടത്തുന്നില്ലെങ്കിൽ, നാം തടവുകാരാക്കപ്പെടുന്നതാണ്. ഇത്തരം കീഴ്പ്പെടങ്ങ

ലുകളിലൂടെ ഒരു രീതിയിലുള്ള പ്രയോജനവും, പ്രതിഫലവും നമുക്ക് ലഭിക്കുന്നതുമല്ല, ആയതിനാൽ, എന്തുകൊണ്ട് നമുക്ക് മുന്നോട്ട് പോയികൂടാ? ദഅ്‌വത്ത് നടത്തികൂട? അവൻ തടവിലാക്കപ്പെടുന്നതിന് മുൻപ്? തീർച്ചയായും അല്ലാഹുവിലേക്കുള്ള ക്ഷണത്തിന്റെ പാതയിലാണ്, ഒരുവന് അല്ലാഹുവിന്റെ സ്നേഹം ആസ്വദിക്കുവാൻ കഴിയുന്നത്.

## THE OBLIGATIONS OF DAWAT-I-ALLAH & THE RESPONSIBILITIES OF THE JAMAAT

## അല്ലാഹുവിലേക്കുള്ള ക്ഷണം : കടമകളും ജമാഅത്തിന്റെ ഉത്തരവാദിത്വങ്ങളും

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ അംഗങ്ങളുടെ ജോലി, അല്ലാഹുവിന്റെ, ആരാമങ്ങളും പുൽതകിടികളും കൃഷിചെയ്ത്, അതിൽ കൃഷിചെയ്ത ധാന്യങ്ങൾ അവയുടെ ഫലങ്ങൾ നല്കുന്നു എന്ന് ഉറപ്പുവരുത്തലാകുന്നു. ഈ ജോലി വെറും ഉപദേശങ്ങൾ നല്കുന്നതിലൂടെ നേടാവതല്ല, ചെയ്യാവതുമല്ല, അവരുടെ ബോധത്തെ ഉണർത്തുന്നതിലൂടെയും നേടാവുന്ന കാര്യവുമല്ല. ഇത് എല്ലാ അംഗങ്ങളുടെയും, പങ്കാളിത്തത്തോടെയും, സഹകരണത്തിലൂടെയും നേടുവാൻ കഴിയുന്ന അനിവാര്യമായ പ്രവർത്തിയാണ്. ദഅ്‌വ എങ്ങനെ ചെയ്യാമെന്നുള്ള ശരിയായ അറിവ് അവർക്ക് ലഭിക്കേണ്ടതായിട്ടുണ്ട്. ഈ പ്രവർത്തനവുമായി അടുത്തു ബന്ധമുള്ള കുറച്ചാളുകൾ, ഈ തത്വം മനസ്സിൽ സൂക്ഷിക്കേണ്ടതാണ്. അതായത്, അവർക്ക് ഒരു വിഭാഗം ആളുകളെ സമീപിക്കേണ്ടതായിട്ടുണ്ട്. അവരെ ഒരുമിച്ചുകൂട്ടുക, എന്നിട്ട് ഈ രംഗത്ത് അവരെ ഏകോപിപ്പിക്കുക. ഈ ആളുകളുമായി ഒരു നല്ല ബന്ധം അവരു കാത്തു സൂക്ഷിക്കേണ്ടതാണ്. വിനയത്തോടെ നല്ല പെരുമാറ്റ രീതിയിലൂടെ അവരുമായി ബന്ധപ്പെടുക. ഈ കാര്യത്തിൽ ശരിയായ മാർഗനിർദ്ദേശം നല്കുക. അവരുടെ ഹൃദയങ്ങളിൽ ദഅ്‌വ ജോലിക്കുവേണ്ടിയുള്ള സ്നേഹം അങ്കുരിപ്പിക്കുക. ഇത് തീർച്ചയായും ഒരു കഴിവ് തന്നെയാണ്. ഇത്തരം കഴിവ് വിശദീകരിക്കുമ്പോൾ, വിശുദ്ധഖുർആൻ, ഈ വിഷയത്തിൽ ഒരു നല്ല വെളിച്ചം പ്രദാനം ചെയ്യുന്നുണ്ട്, ഈ കാര്യത്തിൽ നാം പരമാവധി പ്രയോജനം ആർജ്ജിക്കേണ്ടതായിട്ടുണ്ട്. അതിലൂടെ മാത്രമെ മഹത്തായ ഈ ജോലിയിൽ നമുക്ക് വിജയം

നേടുവാൻ സാധിക്കുകയുള്ളു.

## MARTYRDOM SHOULD BE EXPECTED WHEN DOING DAWAT-I-ALLAH.

## അല്ലാഹുവിലേക്കുള്ള ക്ഷണം നടത്തുമ്പോൾ രക്ത സാക്ഷിത്വം പ്രതീക്ഷിക്കാവുന്നതാണ്.

ദാഈഇലല്ലല്ലാഹ് യിലേക്ക് പോകുന്നവർ രക്തസാക്ഷിത്വം പോലുള്ള കാര്യങ്ങളിൽ ഭയമുണ്ടാകരുത്. ദഅ്വത്തുല്ലാഹ് മായി പോകുമ്പോൾ രക്തസാക്ഷികളുമാകാം. അതുകൊണ്ട് നിങ്ങൾ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ വിശ്വാസികളുടെ കൂട്ടത്തിൽ പ്രവേശിക്കുമ്പോൾ, അല്ലാഹുവിന്റെ ജമാഅത്തിലെ ഒരംഗത്തിനും ഒരു ഒഴിവുകഴിവുമില്ല, ദഅ്വത്തുല്ലാഹ് നട ത്താതിരിക്കുന്നതിനായി! നിങ്ങൾ ലോകത്തിന്റെ ഏതു ഭാഗ ത്താണെങ്കിലും ശരി, നിങ്ങൾ ഈ ദൈവീക സന്ദേശം പങ്കുവെ യ്ക്കേണ്ടതാണ്, നിങ്ങൾ അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണി ക്കേണ്ടതുമാകുന്നു. ഇൻശാ അല്ലാഹ്, ദാഈ ഇലല്ലാഹ് (ദൈ വത്തിലേക്ക് ക്ഷണിക്കുന്നവർ)മാരുടെ എണ്ണം വർദ്ധിക്കുന്ന താണ്. പലമടങ്ങായി വർദ്ധിക്കുന്നതാണ്. ഒരു ദാഈ ഇല ല്ലാഹ്യ്ക്ക് 1000 പേരെ കിട്ടുന്നതാണ്. ഇൻശാ അല്ലാഹ് അവർ അല്ലാഹുവിന്റെ ഒരു സൃഷ്ടിയേയും ഭയപ്പെടുന്നവരല്ല/ മരിക്കു വാൻ ഭയമുള്ളവരുമല്ല. അവരുടെ ഹൃദയങ്ങളിൽ ഭയമില്ല എന്ന് സാരം, അല്ലാഹുവിനെയല്ലാതെ മറ്റൊന്നിനേയും ഭയപ്പെടുന്ന വരല്ല അവർ, നിങ്ങൾ അപകടങ്ങളെയും ഭയപ്പെടരുത്. ദുഷ്ട ജനങ്ങളെയും നിങ്ങൾ ഭയപ്പെടരുത്, അവർ വന്ന് നിങ്ങളെ കൊല്ലും എന്നും വിചാരിക്കരുത്, അവർ നിങ്ങളെ ഉപദ്രവിക്കും എന്നും കരുതരുത്. നിങ്ങൾ നിങ്ങളുടെ കാര്യങ്ങൾ അല്ലാഹു വിൽ മാത്രം ഭരമേല്പിക്കുന്ന ഒരു വിഭാഗം ആളുകളാണ്. അവ നിൽ നിന്നും ഈ നൂറ്റാണ്ടിൽ ലഭിച്ച സത്യത്തിൽ അടിയുറച്ച് വിശ്വസിക്കുന്നവരാണ് നിങ്ങൾ, എന്നിരുന്നാലും നിങ്ങൾ നല്ല പോലെ നിങ്ങളുടെ തലയിൽ സൂക്ഷിക്കുക, രക്തസാക്ഷിത്വം അല്ലാഹു(ത) ദാഈ ഇലല്ലാഹ് മാർക്ക് വിധിക്കപ്പെട്ട കാര്യമാകു ന്നു.

## THE PURE INHERITANCE SHOULD BE PROTECTED.

## സംശുദ്ധമായ അനന്തരാവകാശം

## സംരക്ഷിക്കപ്പെടേണ്ടതു തന്നെയാണ്.

നിങ്ങൾ ദൃഢതയോടും സന്തോഷത്തോടെയും മുന്നോട്ടു പോകേണ്ടതാണ്, എന്റെ നേതാവായ ഹസ്രത് മുഹമ്മദ് മുസ്തഫ(സ) എന്റെ ഹൃദയത്തിൽ ഇട്ടുതന്ന ഒരു വാക്കാണ് ദഅ്വത്തുല്ലാഹ് അതായത് അല്ലാഹുവിലേക്ക് ക്ഷണിക്കുക എന്നത്. അല്ലാഹു(ത)യുടെ അതിമഹത്തായ അനുഗ്രഹത്താൽ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ, അനേകർ അല്ലാഹുവിലേക്ക് ക്ഷണിക്കുവാനുള്ള, മഹത്തായ ആഗ്രഹം പ്രകടിപ്പിക്കുന്നവരാണ്, പ്രസ്തുത ഇച്ഛനിലനിർത്തുന്നവരാണ്, ഞാൻ നിങ്ങളോട് പറയുന്നു, ഈ ആഗ്രഹജ്വാലയെ നിങ്ങൾ കെടുത്തി കളയരുത്. ഈ സംശുദ്ധമായ അനന്തരാവകാശത്തെ നിങ്ങൾ സംരക്ഷിക്കുകയാണെങ്കിൽ, ഇതിൽ നിങ്ങൾ ആത്മാർത്ഥമായി നിലനിന്നാൽ, ഞാൻ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തു പറയുന്നു. നിങ്ങൾ പ്രകാശപൂരിതരായ അനുയായികളായി തീരുന്നതാണ്. ഈ പ്രകാശം നിങ്ങളിൽ എന്നെന്നും ജ്വലിച്ചു കൊണ്ടിരിക്കും. (അതൊരിക്കലും കെട്ടുപോകുന്നതല്ല) ഈ പ്രകാശം, ഈ സംശുദ്ധമായ ആഗ്രഹം, ഈ അനന്തരാവകാശം വർദ്ധിച്ചുകൊണ്ടിരിക്കും വളർന്നുകൊണ്ടിരിക്കും, ഇത് എല്ലായിടത്തും വ്യാപിക്കും. ഒരു വ്യക്തിയിൽ നിന്നും മറ്റൊരു വ്യക്തിയിലേക്ക് മുഴുലോകത്തെയും ഇത് കടന്നാക്രമിക്കും, ഇത് അന്ധകാരത്തെ നീക്കി പകരം പ്രകാശം പകരുന്നതാണ് ഇൻശാ അല്ലാഹ്!

ഈ അനുഗ്രഹത്തെ നിങ്ങൾ അവഗണിക്കരുത്, തള്ളിക്കളയരുത്. അല്ലയോ അനുചരന്മാരെ! ഈ നൂറ്റാണ്ടിൽ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിങ്ങൾ അംഗീകരിച്ചവരാണ് അല്ലാഹുവിലേക്ക് ക്ഷണിക്കുവാനുള്ള കഴിവും അല്ലാഹു(ത) നിങ്ങൾക്ക് നല്കിയിരിക്കുന്നു. അല്ലാഹുവിൽ നിന്നും വരുന്ന സത്യത്തെ വെറുക്കുന്നുവരുടെ കെണിയിൽ നിങ്ങൾ അകപ്പെടരുത്. നിങ്ങൾ സ്വീകരിച്ച സത്യത്തെ നിരസിക്കുന്നതിനു പകരമായി അവർവെച്ചു നീട്ടുന്ന ഭൗതിക സുഖഭോഗങ്ങൾ നിങ്ങളെ കീഴ്പ്പെടുത്താതിരിക്കട്ടെ. ആയതിനാൽ, ഇത് സംബന്ധമായി നിങ്ങൾ ഗാഢമായി ചിന്തിക്കുക, അല്ലായോ! ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ അംഗങ്ങളെ നാം, ഇതിലെ അംഗ

ങ്ങളെ പുറത്താക്കുന്ന ഒരു ജമാഅത്തല്ല. എന്നാൽ നിങ്ങൾ മനസ്സിലാക്കിയിരിക്കണം! അല്ലാഹു(ത) അവൻ തന്നെയാണ് നിങ്ങളെ പുറത്താക്കുന്നത്! നിങ്ങളുടെ ഹൃദയങ്ങളെ എപ്പോഴെങ്കിലും സാത്താൻ കീഴ്പ്പെടുത്തുകയാണെങ്കിൽ! നിങ്ങൾ സാക്ഷ്യം വഹിച്ച സത്യത്തിൽ നിങ്ങൾ സംശയാലുവായി തീർന്നാൽ! എന്നിരുന്നാലും, നിങ്ങൾ അറിയുക! കുറച്ചു കാലം നിങ്ങൾ ചിന്തിച്ചിരുന്നതാണ്, നിങ്ങൾ ശരിയായ വഴിയിലാണെന്ന്! എല്ലാ പിരിമുറുക്കത്തിൽ നിന്നും നിങ്ങൾ മുക്തരായിരുന്നു എന്ന്! നിങ്ങൾ സന്തുഷ്ടരായിരിന്നു എന്ന്! എന്നാൽ ഇപ്പോൾ നിങ്ങൾ സത്യത്തെ ഉപേക്ഷിച്ചപ്പോൾ, ദൈവീക ദൃഷ്ടാന്തത്തെ കയ്യൊഴിഞ്ഞപ്പോൾ, നിങ്ങൾ കരുതുന്നുണ്ടാകും, ഇപ്പോൾ വളരെയധികം ആളുകൾ നിങ്ങളെ പിന്താങ്ങുന്നുണ്ട്, നിങ്ങളെ അഭിനന്ദനങ്ങൾ അറിയിക്കുന്നു. നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. എന്നാൽ ഒരു കാര്യം നിങ്ങൾ നല്ലപോലെ ഓർത്തിരിക്കുക, ഭാവിയിൽ ഒരു സമയം വരുന്നതാണ്. നിങ്ങൾ നിങ്ങളെ ഒറ്റയ്ക്കായി കണ്ടെത്തുന്നതാണ്. ഉപേക്ഷിക്കപ്പെട്ടവനായി കാണുന്നതാണ്, ഇതിലെ ഗൗരവമുള്ള കാര്യം ഇതാണ് അല്ലാഹു(ത) നിങ്ങളെ കയ്യൊഴിഞ്ഞു നിങ്ങൾ ഒരു വിഭവവും അവശേഷിക്കാത്ത ഏകനായ ഒരു വ്യക്തിയായി നിങ്ങളെ നിങ്ങൾ കണ്ടെത്തുന്നതാണ്.

അല്ലാഹുവിന്റെ ജമാഅത്തിൽ, ഇസ്ലാമിൽ, ഈ നൂറ്റാണ്ടിൽ അല്ലാഹുവിനാൽ നവീകരിക്കപ്പെട്ട ഇസ്ലാമിൽ, ഒരു കാര്യം സത്യമാണ്, നിങ്ങൾ അനേകം പരീക്ഷണങ്ങളിലൂടെ കടന്നുപോകുന്നതാണ്. പ്രസ്തുത സത്തയായ സംഗതിയിൽ, നിങ്ങൾക്ക് ഒരു പക്ഷേ നിരാശയിലകപ്പെടാം. കാര്യം അങ്ങനെയാണെങ്കിലും, നിങ്ങൾ അധൈര്യപ്പെട്ടുപോകാതിരിക്കുവാൻ ശ്രമിക്കേണ്ടതാണ്. മനസ്സിലാക്കേണ്ട മറ്റൊരു കാര്യം പരിശുദ്ധപ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യും അനുചരന്മാരും, അവരും ഇത്തരം പരീക്ഷണങ്ങളിലൂടെയാണ് കടന്നുപോയത്. അപ്പോൾ പിന്നെ നാമാരാണ്? അത്തരം കൊടിയ പരീക്ഷണങ്ങളിലൂടെ കടന്നുപോകാതിരിക്കാൻ! അവർ കടന്നുപോയ പ്രയാസങ്ങളിലൂടെ, പീഢനങ്ങളിലൂടെ, രക്തസാക്ഷിത്വത്തിലൂടെ നാമും കടുന്നുപോകേണ്ടവർ തന്നെയാണ്. താത്ക്കാലിക സുഖത്തിനും സംതൃപ്തിക്കുമായി നിങ്ങൾ നിങ്ങളുടെ ആത്മാക്കളെ വിൽക്കരുത്.

(വിവാഹങ്ങൾ പോലുള്ള കാര്യങ്ങൾ) നിങ്ങൾ സത്യം ആദ്യം കാണുകയും തിരിച്ചറിയുകയും ചെയ്തശേഷം അല്ലാഹു (ത) നിങ്ങളെ അതിശക്തമായി പരീക്ഷിക്കുന്നതാണ്. അപ്പോഴതാ നിങ്ങൾ പിന്തിരിഞ്ഞു മടങ്ങിപോയി! അല്ലാഹുവിന്റെ പാതയിൽ ഇത് വളരെ ഗൗരവമുള്ള കാര്യം തന്നെയാണ്. തീർച്ചയായും ഇത് വളരെ ഗൗരവാവഹം തന്നെ!

## INDEED VERY GRIEVOUS

## തീർയായും ഇത് വളരെ ഗൗരവാവഹം തന്നെ!

നിങ്ങൾ സത്യപാതയും സത്യത്തെയും ഉപേക്ഷിക്കുന്നവരെ പോലുള്ള ആളുകളാകരുത്, നിങ്ങൾ നിസ്സാരവിലയ്ക്ക്, തുഛമായ കാര്യത്തിന്, ഭൗതികമായ നിസ്സാര പ്രയോജനത്തിന്, നിങ്ങളുടെ അല്ലാഹുവിലുള്ള വിശ്വാസത്തെ ദീനുൽ ഇസ്ലാമിനെ വില്ക്കരുത്, തങ്ങളുടെ വിശ്വാസത്തെ കയ്യൊഴിഞ്ഞവരെ പോലെയാകരുത്, നിങ്ങൾ അഥവാ അല്ലാഹുവിന്റെ ദൂതന്മാരെ കൈവിട്ടവരെപോലെയാകരുത് നിങ്ങൾ! അധാർമ്മികതയുടെയും അപരിഷ്കൃതത്വത്തിന്റെയും വരവോടെയാണ്, ഇന്നത്തെ ജീവിതത്തിന്റെ താളം തെറ്റലുണ്ടായത്. ജാഹ്ലിയ്യാ കാലഘട്ടത്തിൽ നിലനിന്ന അപരിഷ്കൃതത്വങ്ങൾ അപ്പാടെ വീണ്ടും കടന്നുവന്നിരിക്കുന്നു. വളരെയധികം ആളുകളും ചെകുത്താന്റെ പിടിയിലമർന്നുപോയിരിക്കുന്നു. സമാനതകളില്ലാത്ത ദൈവമായ അല്ലാഹുവിനെ അംഗീകരിക്കുവാൻ അവർ കൂട്ടാക്കുന്നില്ല. അനേകർ നിരീശ്വരവാദികളായി തീർന്നിരിക്കുന്നു. അനേകർ ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെയും ഹസ്രത് മിർസാഗുലാം അഹ്മദ് (അ)ന്റെയും സത്യതയിലുള്ള വിശ്വാസം കയ്യൊഴിഞ്ഞിരിക്കുന്നു. അനേകർ മറ്റുള്ളവരുടെ പിന്താങ്ങലിലൂടെ സംശയത്തിന്റെ നിഴലിൽ കഴിഞ്ഞു കൂടുന്നു. എന്തു ചെയ്യണമെന്നറിയാതെ, ദൈവീക ദൃഷ്ടാന്തത്തിൽ തുടരണമോ? അതോ അതു ഉപേക്ഷിക്കണമൊ? അവരതാ ഒരു വിഷമവൃത്തിലകപ്പെട്ടിരിക്കുന്നു. എന്തു ചെയ്യണമെന്നറിയാതെ! അവർ ഉഴലുകയാണ് . എന്നാൽ അല്ലാഹു(ത) അവർക്ക് എല്ലാ കാര്യങ്ങളും വ്യക്തമാക്കി കൊടുത്തിട്ടുണ്ട്. ഇതും അല്ലാഹുവിന്റെ ദൃഷ്ടിയിൽ വളരെ ഗൗരവാവഹമായ കാര്യം തന്നെയാണ്.

നമ്മുടെ ആധുനിക സമൂഹം നാശത്തിന്റെ വക്കിലാണ്.

അതുകൊണ്ട് അല്ലാഹുവിൽ ഉറച്ച വിശ്വാസമുള്ളവർക്കായി ഞാനിതാ ഒരു ഉപദേശം നല്കുന്നു. ഇസ്ലാമിലും ഹസ്രത് മുഹമ്മദ് മുസ്തഫ(സ)ലും അതോടൊപ്പം ഹസ്രത് മിർസാഗുലാം അഹ്മദ്(അ)ന്റെ സത്യതയിലും, ഖലീഫത്തുല്ലാഹ് എന്ന നിലയിൽ ഈ വിനീതന്റെ സത്യതയിലും നിങ്ങൾക്ക് വിശ്വാസമുണ്ടെങ്കിൽ നിങ്ങൾ എപ്പോഴും തയ്യാറായിരിക്കേണ്ടതാണ്. ഇത്തരം ആളുകളെ നേരിടാനായി, അവരെ ഇസ്ലാമിലേക്ക് ക്ഷണിക്കുവാനായി! നേർപാത ലഭിച്ചു കഴിഞ്ഞ ശേഷം പിന്നീട് ഇതരപാത തെരഞ്ഞെടുത്താൽ, അവരുടെ മേൽ നിങ്ങൾക്ക് യാതൊരു ഉത്തരവാദിത്വവുമില്ല. അല്ലാഹു(ത)യ്ക്ക് അറിയാം നിങ്ങളുടെ ജോലി നിങ്ങൾ നല്ല നിലയിൽ ചെയ്തു എന്ന്! നിങ്ങൾ അവർക്ക് സന്ദേശം എത്തിച്ചു കഴിഞ്ഞു. എന്നാൽ നാളെ അവർ അല്ലാഹുവിനെ ഉപേക്ഷിച്ചാൽ, അവർ ഇസ്ലാമിനെ ഉപേക്ഷിച്ചാൽ, അല്ലാഹു(ത) നിലനില്ക്കുന്നു, എന്ന വിശ്വാസത്തിൽ നിന്നു തന്നെ പിന്മാറിയാൽ പോലും ഇതിനൊന്നും നിങ്ങൾ ഉത്തരവാദി ആകുന്നതല്ല. അല്ലാഹു(ത)യ്ക്ക് അറിയാം നിങ്ങൾ അവർക്ക് സത്യം ബോധ്യപ്പെടുത്തുന്നതിനായി വളരെയധികം പ്രയാസപ്പെട്ടിട്ടുണ്ട് എന്ന്, എന്നാൽ! അവരുടെ കാര്യം പരിതാപകരം തന്നെ! അവർ പ്രസ്തുത സന്ദേശത്തിന് ചെവി കൊടുത്തില്ല. സത്യത്തിന്റെ മുൻപിൽ അവർ അന്ധന്മാരായി! അത്തരം ആളുകളുടെ കാര്യത്തിൽ നിങ്ങൾക്ക് യാതൊരു ഉത്തരവാദിത്വവുമില്ല.

എന്നാൽ ഇതിൽ മറ്റു ചില സംഗതികളുണ്ട്. അല്ലയോ അനുചരന്മാരെ! മനുഷ്യകുലത്തിന് ഒരു മാതൃകയായി അല്ലാഹു(ത) ഇതിനെ ഉപയോഗപ്പെടുത്തുന്നു. ഹസ്രത് മൂസാ(അ)ന്റെ കാലത്തെ ഫറോവയെപോലെ അല്ലാഹു(ത) ഈ ഫറോവയെ ഒരു ഉദാഹരണമാക്കി വെച്ചിരിക്കുകയാണ്. (അവനെ പിന്തുടരുവാനല്ല) മുഴുമാനവകുലത്തിനും ഒരു മുന്നറിയിപ്പായി! നിങ്ങൾക്കറിയാവുന്നതുപോലെ, അല്ലാഹു(ത) നമ്മോട് വാഗ്ദാനം ചെയ്തിരിക്കുന്നു. നമ്മെ അപമാനിക്കുവാൻ ശ്രമിച്ചവരെ അല്ലാഹു(ത) അപമാനിക്കുന്നതാണ്. അവൻ നമ്മെ പിന്താങ്ങുന്നതുമാണ്. നമ്മെ വെറുക്കുന്നവരെ, നമ്മുടെ ശത്രുക്കളെ, അവൻ അവരുടെ നാശത്തിലേക്ക് നയിക്കുന്നതാണ്. അല്ലാഹു(ത) ഇതുകൂടി പറയുകയുണ്ടായി. ആ സമയം ആസ

ന്നമാകുമ്പോൾ, നമ്മെ ഉപദ്രവിക്കുവാൻ പരിശ്രമിച്ചവരുടെ മേൽ ദൈവീക ശിക്ഷ പിടികൂടുമ്പോൾ, നാം അവരുടെ കാര്യത്തിൽ സഹാനുഭൂതി ഉള്ളവരായിരിക്കും. നമ്മൾ ഇവിടെ ആരെയും വിമർശിക്കുന്നില്ല. നമ്മെപോലുള്ള സഹോദരങ്ങളുടെ പച്ചമാംസം ഭക്ഷിക്കുന്നതിൽ സന്തോഷിക്കുന്നവരുമല്ല. എന്നാൽ അല്ലാഹുവിന്റെ ദൂതൻ എന്ന നിലയിൽ എനിക്ക് എന്റെ ജോലി ചെയ്യേണ്ടതുണ്ട്. ആയതിനാൽ നിങ്ങൾക്കും ഈ മാതൃക പിന്തുടരാവുന്നതാകുന്നു. ഈ ആളുകൾ അതേ തെറ്റുകൾ വീണ്ടും ആവർത്തിക്കരുത്. അല്ലാഹു(ത) വെളിപാടിലൂടെ ഈ വിനീതന് സ്ഥിരികരണം നല്കിയത് പറഞ്ഞു. ഈ ആളുകളെ അവരുടെ നാശത്തിലേക്ക് കുറെശ്ശെയായി, അവരറിയാതെ കൊണ്ടുവരുന്നതാണ്. ഈ നാശം അവരിൽ വന്നെത്തുന്നത് അവരുടെ സന്താനങ്ങളിലൂടെയും, ധനത്തിലൂടെയും! മറ്റുപലതിലൂടെയും ആയിരിക്കും.

നമുക്കെതിരിൽ, വളരെയധികം ശത്രുത വെച്ചു പുലർത്തിയിരുന്ന ഒരു മുല്ലാ ഉണ്ടായിരുന്നു. അയാൾ ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ മിമ്പറിൽ നിന്ന് നമ്മുടെ പച്ചമാംസം ഭക്ഷിക്കുന്ന ആളായിരുന്നു. അയാൾ പറഞ്ഞു പ്രാർത്ഥനപായിൽ നമ്മുടെ മൂക്ക് തേയ്വോളം കിടന്ന് പ്രാർത്ഥിച്ചാലും, അല്ലാഹു(ത) നമുക്ക് ഒരിക്കലും മാപ് ചെയ്യില്ല എന്ന് അദ്ദേഹം പറയുകയുണ്ടായി. അദ്ദേഹം അഹ്മദികളെ ഇതും കൂടി ഉപദേശിക്കുകയുണ്ടായി. അവർ എന്നെങ്കിലും നമ്മെ കാണുകയാണെങ്കിൽ, അവർ നമ്മിൽ നിന്നും വളരെ വിദൂരത്ത് നിലകൊള്ളുന്നതാണ്, ഒഴിഞ്ഞുമാറി ദൂരെ നില്ക്കുന്നതാണ്. അയാൾ തുടർന്ന് ഇങ്ങനെയും പറയുകയുണ്ടായി. നാം എത്ര വ്രതമനുഷ്ഠിച്ചാലും ശരി, നമ്മുടെ എല്ലാ ശക്തിയും ചോർന്നു പോകുമെന്നും നശിച്ചൊടുങ്ങുമെന്നും (പറയുകയുണ്ടായി) അയാൾ വീണ്ടും പ്രസ്താവിച്ചു. മദ്രാസി ആളുകൾക്ക് എന്ത് ഏകദൈവം, അവർക്ക് കാവടി ഉയർത്താനല്ലേ അറിയാവൂ, ഇതേ മുല്ലായുടെ കുട്ടി, ഇപ്പോൾ ഒരു നിരീശ്വരവാദിയാണ്. ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നതെല്ലാം വളരെ ദൗർഭാഗ്യകരമായ, കാര്യങ്ങൾ തന്നെ. ഞാനീ കാര്യങ്ങളൊക്കെ പറയുന്നത് ഹൃദയതൃപ്തിയോടെയല്ല. മറ്റുള്ളവർക്ക് ഒരു പാഠമെന്ന നിലയിലാണ് ഞാൻ ഇതെല്ലാം പറയേണ്ടി വരുന്നത്. അല്ലാഹു(ത)യുടെ

കോപം, നമ്മുടെമേൽ ഉണ്ടാകുന്ന കാര്യങ്ങളൊന്നും നാം പറയാതെ സൂക്ഷിക്കുക. അല്ലാഹുവിനെതിരിലും അവന്റെ ദൂതനെതിരിലും നിങ്ങളുടെ അജ്ഞതയാൽ എന്തെങ്കിലും പറഞ്ഞു പോകാതിരിക്കുവാൻ കൂടുതൽ മുൻകരുതലുകൾ കൈക്കൊള്ളേണ്ടതാണ്.

ആയതിനാൽ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ എന്റെ അനുചരന്മാരെ! നിങ്ങൾ ഒരിക്കലും ഇത്തരം വാക്കുകൾ പറയരുത്! അല്ലാഹു(ത) നിങ്ങളുടെ മേൽ കോപിഷ്ഠനാകാതിരിക്കട്ടെ! ചില കാര്യങ്ങളെകുറിച്ച് സത്യമാണോ അല്ലയോ എന്നതിനെപറ്റി നിങ്ങൾക്കറിയില്ല. അത്തരം സാഹചര്യത്തിൽ നിശബ്ദത പാലിക്കുന്നതാണ് നല്ലത്! ഒന്നും പറയാതിരിക്കുക, ഇനി നിങ്ങൾ എന്തെങ്കിലും പറഞ്ഞാൽ, നിങ്ങളുടെ നാവ് നിങ്ങളെ കെണിയിൽപെടുത്തും, എന്നിട്ട് നിങ്ങളെ അത് നരകത്തിലെത്തിക്കും. എപ്പോഴെങ്കിലും ഇതു സംഭവിച്ചാൽ, നിങ്ങൾതന്നെ ആയിരിക്കും അതിന്റെ പ്രയാസം അനുഭവിക്കേണ്ടി വരിക. നിങ്ങൾ തന്നെ ആയിരിക്കും അതിന്റെ വേദന പേറുക.

## TO INVITE PEOPLE TO ALLAH IS OBLIGATORY UPON EACH PERSON.

## ജനങ്ങളെ അല്ലാഹുവിലേക്ക് ക്ഷണിക്കൽ ഓരോ വ്യക്തിയുടെയും കടമയാണ്.

അല്ലാഹു(ത) നിങ്ങൾക്ക് സംശുദ്ധമായ ഒരു മതം അനന്തരാവകാശമായി നല്കിയിരിക്കുകയാണ്. ഈ സംശുദ്ധമായ മതത്തിന്റെ പേര് ഇസ്ലാം എന്നാകുന്നു. അല്ലാഹു(ത) നിങ്ങളിൽ ഒരു ഉത്തരവാദിത്വം ഏല്പിച്ചിരിക്കുന്നു. മറ്റുള്ളവരെ ഇസ്ലാമിലേക്ക് ക്ഷണിക്കുന്നതിനായി. ഇത് അതിമഹത്തായ ഒരു ഉത്തരവാദിത്വം തന്നെയാണ്. ഇത് അല്ലാഹുവിൽ നിന്ന് നമുക്ക് ലഭിച്ചതാകുന്നു. ശരിയായ നിലയിൽ ഈ ഉത്തരവാദിത്വം നമുക്ക് എങ്ങനെ നിറവേറ്റാം എന്നതു സംബന്ധിച്ച് നാം അറിഞ്ഞിരിക്കേണ്ടതാണ്. അല്ലാഹു(ത)യുടെ ദൂതൻ എന്ന നിലയിൽ, ഇതാ ഞാനിവിടെയുണ്ട്, നിങ്ങൾക്ക് നല്ല ഉപദേശം നല്കുന്നതിനും നേർപാതയിലൂടെ നിങ്ങളെ വഴി നടത്തുന്നതിനുമായി അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നതിലൂടെ, നിങ്ങളുടെ എല്ലാവിധ വേദനകളിൽ നിന്നും ദുരിതങ്ങളിൽ നിന്നും നിങ്ങൾക്ക്

സ്വയം കരകയറുവാൻ സാധിക്കുന്നതാണ്. അല്ലാഹുവിലേക്കുള്ള ക്ഷണം സ്വന്തം താത്പര്യ പ്രകാരം ചെയ്യുന്ന ഒരു സംഭാവന പോലുള്ള കാര്യമല്ല, ഇനി നിങ്ങൾ അപ്രകാരം ഒരു സംഭാവന ചെയ്യുന്നില്ലെങ്കിൽ പോലും അത് ഒരു പ്രശ്നമുള്ള കാര്യവുമല്ല. ഇത് ഒരു നിർബന്ധ കടമയാണ്. ഇത് നിങ്ങൾ പൂർത്തിയാക്കേണ്ടത് അത്യാവശ്യമായ കാര്യമാകുന്നു. അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുക എന്നത്! ഞങ്ങൾക്ക് ഒരു ഉദ്ദേശമുണ്ടായിരുന്നു. എന്നാൽ അതിൽ ഞങ്ങൾക്ക് പങ്കെടുക്കുവാനും അതു പ്രവർത്തിപഥത്തിൽ കൊണ്ടു വരുവാനും ഞങ്ങൾക്ക് കഴിഞ്ഞില്ല എന്നു പറയുവാൻ നിങ്ങൾക്ക് കഴിയുകയില്ല. അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുക എന്നത് ഓരോ വ്യക്തിയുടെയും മേൽ നിർബന്ധമായ കാര്യമാകുന്നു. ഇതിന്റെ ഫലം വളരെയധികം മധുരതരമായിരിക്കും. ഇതിന്റെ പ്രതിഫലം നിങ്ങളുടെ സ്രഷ്ടാവിന്റെ മുമ്പിൽ വളരെ മഹത്തായതാകുന്നു. ഇൻശാ അല്ലാഹ് !

**DO NOT SAY THAT THE WORK OF INVITING PEOPLE TO ALLAH IS NOT YOUR WORK;**
**YOU SHALL BE ACCOUNTABLE FOR THIS BEFORE ALLAH.**

**അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നത് നിങ്ങളുടെ പണിയല്ല എന്ന് നിങ്ങൾ പറയരുത്, അല്ലാഹുവിന്റെ മുമ്പിൽ, നിങ്ങൾ ഇതിന്റെ കണക്ക് ബോധിപ്പിക്കേണ്ടി വരും.**

പകലും രാത്രിയും, എന്റെ ആഗ്രഹം ഇതാണ്, പ്രസ്തുത ആഗ്രഹം എന്റെ ഹൃദയത്തിൽ കത്തിച്ചുവച്ചിരിക്കുന്ന ഒരു ജ്വാല പോലെയാണ്, അതായത് ഓരോ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം, അംഗവും ദൈവത്തിലേക്ക് ക്ഷണിക്കുന്ന ജോലിയിൽ പങ്കെടുക്കണമെന്നുള്ളതാണ്. ദൈവത്തിലേക്ക് മറ്റുള്ളവരെ ക്ഷണിക്കുന്നതു നമ്മുടെ ജോലി അല്ല എന്ന് ഒരു അംഗവും പറയുവാൻ ഇടവരരുത്. ഇത്തരം വാക്കുകൾ നിങ്ങൾ ഒരിക്കലും ഉച്ചരിച്ചു പോകരുത്. അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നത് നിങ്ങൾ മറന്നു പോവുകയും അരുത്! അല്ലാഹു(ത) ഇത് എന്നെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നു. അത് ഞാൻ നിങ്ങളെയും ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നു. കാരണം ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യം തന്നെയാണ്. ഈ വാക്കും, ഈ ഉത്തരവാദിത്വവും നിങ്ങ

ൾ എപ്പോഴെങ്കിലും മറന്നുപോവുകയാണെങ്കിൽ, നിങ്ങൾ ഓർത്തിരിക്കുക, ഒരു ദിവസം നിങ്ങൾ ഇതിന്റെ കണക്ക് അല്ലാഹുവിന്റെ മുൻപാകെ സമർപ്പിക്കേണ്ടി വരും. ആയതിനാൽ ഈ മഹത്തായ ജോലിയെ നിങ്ങൾ അവഗണിക്കരുത്. നിങ്ങൾ നിങ്ങളുടെ മറ്റു സഹോദരങ്ങളെയും ഈ കാര്യം ഓർമ്മപ്പെടുത്തേണ്ടതാണ്. ഇന്ന് ഏറ്റവും മഹത്വമേറിയതും ഏറ്റവും പ്രധാനപ്പെട്ടതുമായ ഉത്തരവാദിത്വം മറ്റുള്ള ആളുകൾക്കും, മറ്റു മതങ്ങളിലുള്ള ശാഖോപശാഖകൾക്കും ഈ സന്ദേശം നല്കുക എന്നതാണ്.

## GUIDANCE OF THE QURAN ON DAWAT-I-ALLAH.

## അല്ലാഹുവിലേക്കുള്ള ക്ഷണത്തിന് ഖുർആൻ നല്കുന്ന മാർഗനിർദ്ദേശം

ഹസ്രത് ഇബ്റാഹിം (അ)ന് അല്ലാഹു(ത) കാണിച്ചുകൊടുത്ത പ്രസ്തുത കാര്യം തികച്ചും അസാധാരണമായ ഒരു കാര്യം തന്നെ ആയിരുന്നു. അല്ലാഹുവിലേക്ക് ക്ഷണിക്കേണ്ടതെങ്ങനെയെന്നും ഈ മഹത്തായ ജോലി എങ്ങനെയാണ് ചെയ്യേണ്ടതെന്നും അല്ലാഹു(ത) അദ്ദേഹത്തിന് പരിശീലനം നല്കുകയായിരുന്നു. ആയതിനാൽ ഓരോ സന്ദേശവാഹകനും, ഓരോ ദാഇഈഇലല്ലാഹ്യും, ഓരോ അമീറും, ഓരോ സദ്റും, ഓരോ ബന്ധപ്പെട്ട വ്യക്തിയും, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ഇസ്ലാഹ് ഇർഷാദ് സെക്രട്ടറിയോ അല്ലെങ്കിൽ മറ്റേതൊരു വ്യക്തിയുമാകട്ടെ, ഈ ജോലിയുമായി ഉൾപ്പെട്ട ആൾ ജമാഅത്തിലെ ഒരു വിഭാഗം ആളുകളെ എടുത്ത്, പരിശീലിപ്പിച്ച്, യുക്തമാക്കി എടുക്കുക. (ജമാഅത്തിലെ ഈ ആളുകളെ) വിശുദ്ധഖുർആനിന്റെ അധ്യാപനമനുസരിച്ച്) അദ്ദേഹം അവരുമായി നല്ല ബന്ധം കാത്തുസൂക്ഷിക്കേണ്ടതാണ്. അവരുമായി അദ്ദേഹം നല്ല സുഹൃത്ബന്ധം സ്ഥാപിക്കേണ്ടതാണ്, അവർക്ക് അദ്ദേഹം പരിശീലനം നല്കുക. എന്നിട്ട് അവർക്ക് കുറച്ച് ജോലി നല്കുക. (കൂടുതൽ ജോലി നല്കരുത്) അതിന് ശേഷം അവർ എല്ലായിടത്തേക്കും പോകട്ടെ! (ദൈവത്തിലേക്കുള്ള ക്ഷണവുമായി)

ഇത്തരം ജോലികൾ ചെയ്യു, മറ്റുള്ളവർക്ക് അത് ഒരു പുതിയ ജീവിതം നല്കുന്നതാണ്. ഇന്ന് നിങ്ങൾ 4 ഓ 8ഓ 10

ഓ യുവാക്കളെ പരിശീലിപ്പിച്ചെടുക്കുക. അവരെ ഒരു സംഘ മാക്കുക. അവരെ ജോലിചെയ്യുവാൻ പ്രാപ്തമാക്കുക. അതിന് ശേഷം 8 ഓ 10 ഓ 15 ഓ യുവാക്കളെ നിങ്ങൾ പരിശീലിപ്പിച്ചെ ടുക്കുക. അല്ലെങ്കിൽ അല്ലാഹു(ത) ആഗ്രഹിക്കുന്ന തരത്തിലുള്ള എണ്ണമാകട്ടെ, നിങ്ങളുടെ എണ്ണം വർദ്ധിച്ചുകൊണ്ടേ ഇരിക്ക ട്ടെ. അങ്ങനെ നിങ്ങളുടെ എണ്ണം എപ്പോഴും വർദ്ധിച്ചു കൊണ്ടിരിക്കും. മുമ്പത്തേക്കാൾ വർദ്ധനവ് ഉണ്ടാകും എന്ന് സാരം, അങ്ങനെ നിങ്ങളുടെ എണ്ണം വർദ്ധിക്കുമ്പോൾ നിങ്ങൾ, ഒരു കാര്യത്തിൽ ശ്രദ്ധ ഉണ്ടായിരിക്കേണ്ടതാണ്. പ്രസ്തുത ആളുകൾ ഗുണനിലവാരത്തിൽ ഉന്നതമായ വിശ്വാസികളാ ണെന്ന്! ഗുണനിലവാരം കാത്തുസൂക്ഷിക്കുന്ന വിശ്വാസികളാ ണെന്ന് നിങ്ങൾ എപ്പോഴും ഉറപ്പുവരുത്തേണ്ടതാണ്. സത്യ വാന്മാരായ വിശ്വാസികളുടെ വർദ്ധനവിനായി നിങ്ങൾ പരിശ്ര മിക്കേണ്ടതാണ്. വിശ്വാസത്തിലെ ഗുണനിലവരാത്തെയാണ് പരി ഗണിക്കേണ്ടത്! എണ്ണത്തെയല്ല പരിഗണിക്കേണ്ടത് ! എണ്ണം, ഗുണവുമായി താരതമ്യം ചെയ്യുമ്പോൾ, ഗുണനിലവാരത്തി ന്നാണ് മുൻതൂക്കം നല്കേണ്ടത്. എണ്ണത്തിനല്ല! വിശ്വാസിക ളുടെ എണ്ണത്തിന് വർദ്ധനവുണ്ടാകുമ്പോൾ, അവരുടെ എണ്ണവും ഗുണവും സമരസപ്പെട്ടു പോകേണ്ടതാണ്.

അഹ്മദിയ്യ ജമാഅത്തിലെ അവരുടെ കൂട്ടബൈഅത്തു ചര്യ പിന്തുടരരുത്. ലക്ഷകണക്കിന് ബൈഅത്തുകൾ കിട്ടിക്കൊണ്ടിരിക്കുന്നതായി അവർ പ്രഖ്യാപിക്കുന്നു. അത് അവ രുട ഖലീഫയെ തൃപ്തിപ്പെടുത്തുവാൻ മാത്രം പറയുന്നതാണ്. ഇത് അവർ ഔദ്യോഗികമായി അന്താരാഷ്ട്രതലത്തിൽ പ്രചരി പ്പിക്കുകയാണ് ചെയ്യുന്നത്. സത്യം, അവർ അവകാശപ്പെടുന്ന തല്ല! ജമാഅതത്ത് അഹ്മദിയ്യായെ പറ്റി അറിയുന്നതിനായി ഒരു ഗ്രാമമുഖ്യൻ വരുമ്പോൾ, അവർ അദ്ദേഹത്തെയും അദ്ദേഹ ത്തിന്റെ ഗ്രാമവാസികളെയും അതിൽ ഉൾപ്പെടുത്തി ഫാമിൽ ഒപ്പ് വെയ്പ്പിക്കുന്നു. എന്നിട്ടവർ പ്രഖ്യാപിക്കുന്നു. ഈ ഗ്രാമവാ സികൾ എല്ലാം അഹ്മദികളായിരിക്കുന്നു. ഇതാണ് അവരുടെ അവകാശവാദം! അതുപോലെ ആരെയെങ്കിലും ബൈഅത്ത് ഫാമിൽ ഒപ്പിടുവാൻ അവർക്ക് ലഭിച്ചാൽ, അവരുടെ കൂട്ടുകാ രുടെ എല്ലാം പേര് ഉൾപ്പെടുത്തി, അതിൽ ഒപ്പ് ഇടിക്കുന്നു. അവർക്ക് അറിയുകയില്ല, ജമാഅത്ത് അഹ്മദിയ്യ എന്താണെന്നും

പോലും! ഇതൊക്കെ അവർ ചെയ്യുന്നത്-അവരുടെ ഖലീഫയിലേക്ക് അനേകം ആളുകളെ ക്ഷണിക്കുന്നവർ അവരാണെന്നും അവർ മാത്രമാണെന്നും ചിത്രീകരിക്കുവാൻ വേണ്ടിയാണ്. ഇതൊക്കെ അവരുടെ പൊങ്ങച്ച പ്രകടനങ്ങളാണ്.

ഇത്തരം പ്രവർത്തനങ്ങളെ എല്ലാം ഞാൻ അപലപിക്കുകയാണ്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ എന്റെ അനുചരന്മാർ, ഖലീഫത്തുല്ലാഹ്‌യെ അറിയാൻ വേണ്ടി മാത്രം, ജനങ്ങളെ ക്ഷണിക്കരുത്. നമ്മുടെ ജോലി ജനങ്ങളെ അല്ലാഹുവിലേക്ക് കൊണ്ടു വരുക എന്നതാണ്. അതായത് അവരെ അറിയിക്കുക എന്നതാണ്, ഒരേ ഒരു ദൈവം മാത്രമാണുള്ളതെന്ന് നിങ്ങൾ ജനങ്ങളിൽ ദൃഢമായി സ്ഥാപിക്കുക, അല്ലാഹു ആകുന്നു. ആ പരമോന്നതൻ! അതുപോലെ മുഹമ്മദ് ദൈവത്തിന്റെ ദൂതനാണ് എന്നതും ! ഇസ്ലാമിനെപറ്റി അവർ നല്ല നിലയിൽ മനസ്സിലാക്കിയ ശേഷം. അതേ തുടർന്ന് നിങ്ങൾ ദൈവീക ദൃഷ്ടാന്തത്തെക്കുറിച്ച് മനസ്സിലാക്കി കൊടുക്കുക. അല്ലാഹു(ത) എങ്ങനെയാണ് സംസാരിക്കുന്നതെന്ന്! (വെളിപാടുകൾ നല്കുന്നതെന്ന്) വാഗ്ദത്തമസീഹ് (അ)നെപോലെയും ഖലീഫത്തുല്ലാഹ്‌യെ പോലെയും അല്ലാഹു(ത) പരിഷ്ക്കാർത്തക്കളെ നിയോഗിക്കുന്നതു സംബന്ധമായും പഠിപ്പിച്ചുകൊടുക്കുക. മറ്റുള്ളവർ ചെയ്യുന്നതുപോലെ, ഖലീഫത്തുല്ലാഹ്‌യെ സന്തോഷിപ്പിക്കുവാനായി, ബൈഅത്തുഫാമിൽ നിങ്ങൾ ഒപ്പിടിക്കരുത്. നിങ്ങൾ അത്തരത്തിലുള്ള ആളുകളാകരുത്. ഇസ്ലാമിന്റെ യഥാർത്ഥവില എന്താണെന്ന് അവർ ഫോമിൽ ഒപ്പിടുന്നതിനു മുൻപ് നിശ്ചയമായും അറിഞ്ഞിരിക്കണം. അതെ! അല്ലാഹുവിലേക്കുള്ള ക്ഷണം കൊണ്ട് വിവക്ഷിതമാകുന്നത് അല്ലാഹുവിനെ തൃപ്തിപ്പെടുത്തൽ മാത്രമാണ്. ജമാഅത്ത് അഹ്മദിയ്യായിൽ പേപ്പറിൽ മാത്രം ബൈഅത്ത് നടക്കുന്നതുകാണുമ്പോൾ ദുഃഖം തോന്നുന്നു. ഈ വിഷയം സംബന്ധമായി പരേതനായ 4-ാം ഖലീഫയുടെ ശ്രദ്ധ ക്ഷണിച്ച ആളെ എന്താണ് അദ്ദേഹം ചെയ്തത്? അദ്ദേഹം പ്രസ്തുത വ്യക്തിയെ അപമാനിതനാക്കി, അദ്ദേഹത്തിന്റെ ഒരു വെള്ളിയാഴ്ച ഖുത്തുബയിലൂടെ! അദ്ദേഹത്തിന്റെ മേൽ ശാപവർഷം ചൊരിയുകയും ചെയ്തു. പ്രസ്തുത വ്യക്തി ചെയ്തത്, സ്വീകരിക്കുന്ന ബൈഅത്തുകൾ സംബന്ധമായി ഖലീഫയുടെ ശ്രദ്ധ ക്ഷണിക്കുക മാത്ര

മാണ് (ചെയ്തത്). ലക്ഷക്കണക്കിന് ബൈഅത്തുകൾ ലഭിക്കുന്നത് സംബന്ധമായി അന്വേഷിക്കുക, ഇത് സത്യമായതാണോ? അതോ അല്ലയോ! ഈ ആളുകൾ യഥാർത്ഥത്തിൽ ഇസ്ലാമിനെ പറ്റി അറിഞ്ഞിട്ടുണ്ടോ? അതോ ഇല്ലയോ? എന്റെ അനുചരന്മാർ ഇത്തരം ആളുകളെ പോലെ ആകരുത് ഖലീഫയെ/ഖലീഫത്തുല്ലഹ്‌യെ തൃപ്തിപ്പെടുത്തുന്ന രീതി! ഇസ്ലാമിനെ സംബന്ധിച്ച് അവർക്ക് തീർത്തും ഉറപ്പായ ശേഷമല്ലാതെ ബൈഅത്ത് ഫാമുകളിൽ ഒപ്പിടിക്കരുത്.

അതെ, തീർച്ചയായും, നിങ്ങൾ ആളുകളിലെ നന്മകളിലേക്ക് നോക്കേണ്ടതാണ്, (ഇസ്ലാം മത വിശ്വാസത്തിലേക്ക് പ്രവേശിക്കുന്നവർ ദൈവീക ദൃഷ്ടാന്തത്തിലേക്കും സഹീഹിൽ ഇസ്ലാമിലേക്ക് പ്രവേശിക്കുന്നവർ ആത്മാർത്ഥതയുള്ള ഗുണനിലവാരമുള്ള വിശ്വാസികളാണെന്ന് ഉറപ്പുവരുത്തുക (വിശ്വാസികളുട എണ്ണം മാത്രമല്ല പ്രധാനമായത് അവരുടെ ഗുണനിലവാരവും വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഈ ആളുകളുമായുള്ള നിങ്ങളുടെ ദഅ്‌വയുടെ ഗുണനിലവാരം എത്രത്തോളമുണ്ടെന്നറിയുന്നത്, ഈ മഹത്തായ ജോലിക്കായി നിങ്ങൾ പരിശീലിപ്പിച്ചെടുക്കുന്ന യുവാക്കളുടെ ഗുണനിലവാരമനുസരിച്ചായിരിക്കും.

## THE WORK OF DAWAT-I-ALLAH SHOULD BE PRESENTED EACH MONTH IN THE MAJLIS-I-AMILA:

## ദഅ്‌വത്തുല്ലാഹ് റിപ്പോർട്ട് ഓരോ മാസവും പ്രവർത്തന സമിതിയിൽ സമർപ്പിക്കേണ്ടതാണ്:

ഞാൻ, ജമാഅത്തിന്റ ശ്രദ്ധ ഈ കാര്യത്തിൽ പല തവണ ക്ഷണിച്ചിട്ടുള്ളതാകുന്നു. അവരുടെ പ്രവർത്തന സമിതിയിൽ ഓരോ മാസവും തബ്ലീഗ് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. എത്ര സഹോദരീസഹോദരന്മാർ ഈ കാര്യത്തിൽ (ദഅ്‌വത്തല്ലാഹ്) താത്പര്യം കാണിക്കുന്നു എന്ന് ബന്ധപ്പെട്ട് അധികാരികൾ അന്വേഷിക്കേണ്ടതാണ്. താത്പര്യം പ്രകടിപ്പിക്കുന്നവരെ, സംബന്ധിച്ച്, അവർക്ക് ദഅ്‌വത്തല്ലാഹ്‌യുടെ തത്വം അവർക്കറിയാമോ? അതോ ഇല്ലയോ? എന്ന് മനസ്സിലാക്കേണ്ടതാണ്. ഈ തത്വം മനസ്സിലാക്കി കൊടുക്കുന്നതിന് ആവശ്യമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഈ വിഷയത്തിൽ അവർക്ക് താത്പര്യം ഉണ്ടാകുവാൻ നാം എന്താണ് ചെയ്യേണ്ടത് എന്ന്

മനസ്സിലാക്കി അതു ചെയ്യേണ്ടതാണ്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന് ഒരു DAWA ACADEMY (പ്രബോധന വിദ്യാലയം) വേണമെന്നുള്ള എന്റെ വ്യക്തിപരമായ ആഗ്രഹം ആദ്യം മുതലേ നിലനില്ക്കുന്നതാണ്. അതെ, ദൈവീക നിർദ്ദേശത്തിലൂടെയും, ദൈവീക ദൃഷ്ടാന്താരംഭത്തിൽ തന്നെ, അല്ലാഹു(ത) അതു സ്ഥാപിച്ചു കഴിഞ്ഞു. നമുക്ക് നമ്മുടേതായ ഒരു DAWA ACADEMY (പ്രബോധന വിദ്യാലയം) ആവശ്യമാണ്. ഇൻശാ അല്ലാഹ് !

**TO ACTIVATE THE GREAT IMPORTANCE & MAGNITIUDE OF THE DAWAT-I-ALLAH, THERE SHOULD BE CONTINUOUS ADVICES.**

**ദഅ്വത്തുല്ലാഹ്‌യുടെ മഹത്തായ പ്രാധാന്യവും വലിപ്പവും പ്രവർത്തന ക്ഷമമാക്കുന്നതിന്, ഉപദേശങ്ങൾ തുടർന്നുകൊണ്ടിരിക്കേണ്ടതാകുന്നു.**

എന്തെങ്കിലും നേടുന്നതിനായി (വിശിഷ്യാ നല്ല കാര്യങ്ങൾ) ഒരാൾ കഠിനമായ ശ്രമം തുടരുകയാണെങ്കിൽ, അവനാ കാര്യത്തിൽ വിജയിക്കുക തന്നെ ചെയ്യും. ഈ കാര്യത്തിനായി കൂടെ കൂടെയുള്ള കൂടി കാഴ്ചകൾ അനിവാര്യമാകുന്നു. (ഈ കാര്യം അവന്റെ ഓർമ്മയിൽ സൂക്ഷിക്കേണ്ടതാണ്) ഈ കാര്യത്തിലേക്ക് അവൻ പ്രയത്നം തുടരേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാകുന്നു. അമീർമാരും പ്രവർത്തന സമിതി അംഗങ്ങളും മനസ്സിലാക്കേണ്ട കാര്യം, ഒരു കാര്യമിതാ. നിങ്ങൾ ഒന്നോ രണ്ടോ പ്രാവശ്യം ഉപദേശം നല്കിയിട്ടു കാര്യമില്ല. ഈ വിഷയം ചർച്ച ചെയ്യുവാൻ ഞാൻ പ്രവർത്തക സമിതി അംഗങ്ങളെ പ്രേരിപ്പിക്കുകയാണ്. ഈ ഉത്തരവാദിത്വം അവർ ഏറ്റെടുക്കേണ്ടതാണ്. മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഇതിലേക്കായി പ്രവർത്തക സമിതി യോഗം ചേരേണ്ടതാണ്. നിങ്ങളുടെ രാജ്യത്തിന്റെ വലിപ്പവും ദൂരവും കണക്കിലെടുത്ത് അത് നിങ്ങൾ നിശ്ചയിക്കേണ്ടതാണ്. ഈ കാര്യങ്ങൾ നിങ്ങളുടെ അജണ്ടയിൽ വെയ്ക്കേണ്ടതാണ്. **ദഅ്വത്തല്ലാഹ്‌യ്ക്ക്** നാം വളരെ വലിയ പ്രാധാന്യം നാം വളരെ വലിയ പ്രാധാന്യം നല്കേണ്ടതാണ്, അത് സംരക്ഷിക്കേണ്ടതാണ്, നിലനിർത്തേണ്ടതാണ്, എല്ലാ നടപടി ക്രമങ്ങളെയും നാം വീക്ഷിച്ചുകൊണ്ടിരിക്കേണ്ടതാണ്, എന്തുഫലം അതുകൊണ്ടു

വരുന്നു എന്നും നിരീക്ഷിക്കേണ്ടതാണ്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലേക്ക് എത്ര പുതിയ ആളുകളെ നമുക്ക് ലഭിക്കുന്നു എന്നും നാം വിലയിരുത്തേണ്ടതാണ്. ഈ കാര്യത്തിൽ വിജയിച്ച ദാഈ ഇലല്ലാഹ് ആരാണ്? ആത്മീയ രംഗത്ത് ഈ പുതിയ പദവി ലഭിച്ചതാരാണ്?

ഇൻശാ അല്ലാഹ്! മഹത്തായ ജോലിയിൽ അല്ലാഹു(ത) നമുക്ക് വിജയം പ്രദാനം ചെയ്യട്ടെ! ഈ വിഷയം ഇൻശാ അല്ലാഹ്-തുടർന്നും ഞാൻ വിശദീകരിക്കുന്നതാണ്. അടുത്ത വെള്ളിയാഴ്ച ഇതേ വിഷയം തുടരുന്നതാണ്. ഇൻശാ അല്ലാഹ് ആമീൻ!

ഈ മഹത്തായ പ്രവർത്തനത്തെ ഗൗരവപൂർവ്വം കാണുന്ന എന്റെ അനുചരന്മാരെയെല്ലാം ഞാൻ അഭിനന്ദിക്കുകയാണ്. (ഇതിനെ അവർ അവരുടെ ഹൃദയത്തോട് ചേർത്ത് നിർത്തുന്നു) ആരാണോ അവരുടെ സമയവും അവരുടെ ധനവും ദഅ്വായ്ക്ക് വേണ്ടി ത്യാഗം ചെയ്യുന്നത്, മറ്റു സംസ്ഥാനങ്ങളിലും മറ്റു രാജ്യത്തും പോയി മറ്റു സഹോദരന്മാരെ കാണുകയും, അതിലൂടെ ഇസ്ലാമിന്റെ ഐക്യത്തെ കാത്തുസൂക്ഷിക്കുകയും ചെയ്യുന്നത്, അവർ തീർച്ചയായും അഭിനന്ദനങ്ങൾ അർഹിക്കുന്നു. മാശാ അല്ലാഹ്! അവർ എവിടെ ആയിരുന്നാലും, അവരെ അല്ലാഹു(ത) അനുഗൃഹീതരാക്കി തീർക്കട്ടെ! അവർ എവിടെപോയാലും അവരോടൊപ്പം അല്ലാഹു(ത) ഉണ്ടായിരിക്കട്ടെ! അവരെ അവൻ സഹായിക്കട്ടെ! അവരെ അവൻ അനുഗ്രഹിക്കട്ടെ! അവരുടെ സത്ഉദ്ദേശങ്ങളെയും, അല്ലാഹുവിന്റെ വഴിയിൽ അവരുടെ വിലപ്പെട്ട സമയം ചെലവഴിക്കുന്നതിലൂടെയും അവർ അനുഗൃഹീതരായി തീരട്ടെ! അൽഹംദുലില്ലാഹ്!

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*